"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് - RRF കെട്ടിടത്തിന്റെ ചുറ്റുമതിലിനായി സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് അടക്കമുള്ള അനുവദനീയമായ വിഹിതം ക്ലീൻ കേരള കമ്പനിക്ക് ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1017/2025/LSGD തീയതി,തിരുവനന്തപുരം, 23-04-2025

---

പരാമർശം:-
(1) പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07.12.2024-ലെ V(1)-ാം നമ്പർ തീരുമാനം.
(2) പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.12.2024-ലെ ബി.പി.1/20/38/2024/പി.എസ്.എൽ.എ. നമ്പർ കത്ത്.
(3) തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2025-ലെ പി.എൽ.ജി-2600/2024-25/ഡി.പി.സി./ഡി.പി.ഒ/തിരു/സി.സി. നമ്പർ കത്ത്.
(4) 27.03.2025-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം നമ്പർ 4.41.

**<u>ഉത്തരവ്</u>**

പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ആർ.ആർ.എഫ്. കെട്ടിടത്തിന്റെ അനുബന്ധ പ്രവൃത്തികൾക്കായി 84.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഈ വർഷം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതമായി 32 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷം 52.85 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്ന് ഉൾപ്പെടുത്തുമെന്നും, ഈ വർഷത്തെ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ആർ.ആർ.എഫ്. കെട്ടിടത്തിന്റെ ചുറ്റുമതിലിന് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആർ.ആർ.എഫ്. നിർമ്മാണത്തിനും മറ്റും ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടം ആവശ്യമാണെന്നറിയിച്ചിട്ടുണ്ട്.

(2) ടി പ്രവൃത്തി ക്ലീൻ കേരള കമ്പനി മുഖേന തുക ഡെപ്പോസിറ്റ് ചെയ്തു നടപ്പാക്കാൻ അനുമതി സംബന്ധിച്ച വിഷയം 27.03.2025-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം പരിഗണിക്കുകയും തീരുമാനം നമ്പർ 4.41. പ്രകാരം

ആർ.ആർ.എഫ്. കെട്ടിടത്തിന്റെ ചുറ്റുമതിലിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ലെന്നും, സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് അടക്കമുള്ള അനുവദനീയമായ മറ്റ് വിഹിതം ക്ലീൻ കേരള കമ്പനിക്ക് ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാനും തീരുമാനിച്ചു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ആർ.ആർ.എഫ് കെട്ടിടത്തിന്റെ ചുറ്റുമതിലിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ലെന്ന നിബന്ധനക്ക് വിധേയമായി, സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് അടക്കമുള്ള അനുവദനീയമായ മറ്റ് വിഹിതം ക്ലീൻ കേരള കമ്പനിക്ക് ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം.
തദ്ദേശ സ്വയംഭരണ (ഡ‌ി.എ) വകുപ്പ്.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manish V V
സെക്ഷൻ ഓഫീസർ
Date: 23-04-2025 14:35:20

പകർപ്പ് :-തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.